**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5396** **21-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഇൻഡോർ സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഖേലോ ഇന്ത്യ സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഇൻഡോർ സ്റ്റേഡിയത്തിന്റെ പദ്ധതി രേഖ പ്രസ്തുത പദ്ധതിയിലെ മാർഗ്ഗനിർദ്ദേശ പ്രകാരം തയ്യാറാക്കി അനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | **കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഉദുമ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം ഉൾപ്പെടെ 10 പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ സ്കീമിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികളുടെ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഉദുമ സ്റ്റേഡിയം ഉൾപ്പെടെ 3 പദ്ധതികൾ മുൻഗണനാക്രമം നിശ്ചയിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ 2016-17 കാലയളവിൽ പ്രഖ്യാപിച്ച ഖേലോ ഇന്ത്യാ സ്കീം 31.03.2021 നോടകം അവസാനിച്ചു. പിന്നീട് 2021-22 കാലയളവിൽ പരമാവധി മൂന്ന് പദ്ധതികൾ മാത്രമേ ഖേലോ ഇന്ത്യാ സ്കീമിൽ ഉൾപ്പെടുത്തി നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ എന്ന വിവരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ ഏറ്റെടുക്കേണ്ട വിവിധ പദ്ധതികളിൽ നിന്ന് അനുയോജ്യമായ പദ്ധതികൾ മുൻഗണനാക്രമം അനുസരിച്ച് തീരുമാനിക്കുന്നതിനും അടിയന്തിരമായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ലെങ്കിൽ വകുപ്പിന്റെ പ്ലാൻ ഫണ്ട് പ്രയോജനപ്പെടുത്തി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ബി) | **കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഉദുമ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം ഉൾപ്പെടെ 10 പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ സ്കീമിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികളുടെ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഉദുമ സ്റ്റേഡിയം ഉൾപ്പെടെ 3 പദ്ധതികൾ മുൻഗണനാക്രമം നിശ്ചയിച്ച്** |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ 2016-17 കാലയളവിൽ പ്രഖ്യാപിച്ച ഖേലോ ഇന്ത്യാ സ്കീം 31.03.2021 നോടകം അവസാനിച്ചു. പിന്നീട് 2021-22 കാലയളവിൽ പരമാവധി മൂന്ന് പദ്ധതികൾ മാത്രമേ ഖേലോ ഇന്ത്യാ സ്കീമിൽ ഉൾപ്പെടുത്തി നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ എന്ന വിവരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ ഏറ്റെടുക്കേണ്ട വിവിധ പദ്ധതികളിൽ നിന്ന് അനുയോജ്യമായ പദ്ധതികൾ മുൻഗണനാക്രമം അനുസരിച്ച് തീരുമാനിക്കുന്നതിനും അടിയന്തിരമായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ